## 5

# പിതാവേ എന്നോട് ക്ഷമിക്കേണമേ

## (ജപ്പാൻ - ഹോറിറ്റ റിസ)

ഞാൻ ഒരു ക്രിസ്ത്യാനി ആയി അല്ല വളർത്തപ്പെട്ടത്. ഞാൻ വളർന്നപ്പോഴും ദൈവത്തെക്കുറിച്ച് ചിന്തിച്ചിരുന്നില്ല. ജപ്പാനിലെ 127 ദശലക്ഷം മനുഷ്യനിൽ ഒരാളായിരുന്നു ഞാനും. പക്ഷേ എന്റെ പിതാവിനെകുറിച്ച് എനിക്ക് പല ചിന്തകൾ ഉണ്ടായിരുന്നു എന്റെ പിതാവിനെ എനിക്ക് ഇഷ്ടം അല്ലായിരുന്നു.

ഞാൻ വളരെ ചെറുതായിരുന്നപ്പോൾ എന്റെ പിതാവ് എന്റെ മാതാവിനെ ഉപേക്ഷിച്ചു. ഞാൻ എന്റെ മാതാവിനൊപ്പം ജീവിച്ചു. ആഴ്ചയുടെ അവസാനം പിതാവിനൊപ്പം നില്ക്കുമായിരുന്നു. എനിക്ക് 14 വയസ്സ് ആയപ്പോൾ പിതാവ് രോഗബാധിതനാകുകയും അദ്ദേഹത്തെ വാരാന്ത്യത്തിൽ ശുശ്രൂഷിക്കേണ്ടിയും വന്നു. അദ്ദേഹത്തെ ശുശ്രൂഷിക്കുന്നതിൽ എനിക്ക് താത്പര്യം ഇല്ലായിരുന്നു. ഞാൻ ചെറുപ്പമായിരുന്നതുകൊണ്ട് എനിക്ക് മറ്റു പല കാര്യങ്ങളിലുമായിരുന്നു താത്പര്യം. ഞാൻ പരാതി പറഞ്ഞു. പിതാവിനെ കാണുന്നതുതന്നെ എനിക്ക് ഇഷ്ടമല്ലായിരുന്നു. ഞാൻ കരയുമായിരുന്നു. പിതാവും എന്നോടുകൂടെ കരയും. കുറച്ചുനാൾ കഴിഞ്ഞ് പിതാവു മരിച്ചു.

കംപ്യൂട്ടർ അനിമേഷൻ പഠിക്കുന്നതിനായി ഞാൻ അമേരിക്കയിൽ പോയി. ലോസ് ഏൻജൽസിൽ പഠനത്തിന് പോകുന്നതിനു മുൻപായി ചിക്കാഗോയിലെ ചില അർദ്ധസഹോദരങ്ങളുടെ അടുക്കൽ പോയി. അവർ എന്നെ സെവന്ത്ഡേ അഡ്വന്റിസ്റ്റ് ചർച്ചിൽ പോകാൻ ക്ഷണിച്ചു. ശബ്ബത്ത് ആരാധന എനിക്ക് ഇഷ്ടമായി. ഞാൻ ആദ്യമായാണ് ഒരു ക്രിസ്തീയ ആരാധനയിൽ പങ്കു ചേരുന്നത്.

ഞാൻ പഠനം ആരംഭിച്ചു കഴിഞ്ഞപ്പോൾ എനിക്ക് സമയം ഇല്ലാതെ വന്നു. ആറു മാസം വരെ എന്റെ അർദ്ധസഹോദരങ്ങൾ പള്ളി കണ്ടുപിടിച്ചോ എന്നു ചോദിക്കുമായിരുന്നു. ഒടുവിൽ ഗ്ലൻഡൽ ഫിലിപ്പിനോ സെവന്ത്ഡേ അഡ്വന്റിസ്റ്റ് ചർച്ചിൽ പോയി. പള്ളിയിൽ പോയി പ്രസംഗം കേട്ട് സ്കൈപിലൂടെ എന്റെ അമ്മയോട് ദൂത് പങ്കുവയ്ക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. എന്റെ പ്രായത്തിലുള്ള ധാരാളം ചെറുപ്പക്കാർ അവിടെ

ഉണ്ടായിരുന്നു. അവർ എന്നെ നേരത്തേ പള്ളിവിട്ട് പോകാൻ അനുവദിച്ചില്ല. ഞങ്ങൾ ഒരുമിച്ച് ഉച്ചഭക്ഷണം കഴിച്ചു. ഉച്ചയ്ക്കു ശേഷം അവരോടൊപ്പം കൂടാൻ ആവശ്യപ്പെട്ടു.

പിറ്റെ ആഴ്ചയും അങ്ങനെ തന്നെ സംഭവിച്ചു അവർ എല്ലാ ദിവസവും വിളിച്ചുകൊണ്ടേയിരുന്നു. എന്തിനാണ് ഇവർ എന്നെ ഇങ്ങനെ വിളിക്കുന്നതും സ്നേഹം കാണിക്കുന്നതും എന്ന് ഞാൻ ആശ്ചര്യപ്പെട്ടു. എന്നാൽ ചില നാളുകൾക്കുശേഷം എനിക്ക് മനസ്സിലായി കർത്താവ് തന്റെ എന്നോടുള്ള സ്നേഹം മറ്റു മനുഷ്യരിലൂടെ കാണിക്കുന്നുവെന്ന്. എനിക്കു കൂടുതൽ അറിയണമെന്ന് ആഗ്രഹം തോന്നി. അങ്ങനെ ബൈബിളിനെയും ദൈവത്തെയും കുറിച്ച് ഞാൻ കൂടുതൽ ചോദ്യങ്ങൾ ചോദിച്ചു. എന്റെ സുഹൃത്ത് ബൈബിൾ പ്രവർത്തക ആയിരുന്നു. അവൾ എന്നോടൊപ്പം പഠിച്ചു.

ഞാൻ എന്റെ സുഹൃത്തുക്കളെ സ്നേഹിച്ചു. എനിക്ക് സ്നാനപ്പെടണം എന്നായി. പക്ഷേ ഞാൻ എന്റെ പിതാവിനെ എപ്രകാരം ദുഷിച്ചു എന്നത് ഒരു വലിയ ഭാരമായി തോന്നി. എനിക്ക് ക്ഷമ ചോദിക്കണമെന്നുണ്ട്. പക്ഷേ എങ്ങനെ?

ഒരു രാത്രി എനിക്ക് ഒരു സ്വപ്നം ഉണ്ടായി. എന്റെ പിതാവ് തറയിൽ കിടക്കുന്നത് ഞാൻ കണ്ടു. അദ്ദേഹത്തിന്റെ മുഖം വെളുത്തും മരണാസന്നനായും കണ്ടു. അദ്ദേഹം എന്നെ തുറിച്ചുനോക്കി, ഒരക്ഷരവും മിണ്ടിയില്ല. അങ്ങനെ എന്റെ പിതാവ് നോക്കുന്നതു കണ്ട് ഞാൻ ഭയപ്പെട്ടു. ഒടുവിൽ എനിക്ക് മനസ്സിലായി എന്റെ പിതാവ് ഒരിക്കലും എന്നോട് പൊറുക്കില്ല.

അന്ന് രാത്രിതന്നെ ആ സ്വപ്നം വീണ്ടും ഞാൻ കണ്ടു. പക്ഷേ ഇപ്പോൾ എന്നെ നോക്കിച്ചിരിച്ചു. എന്റെ പിതാവ് എന്നോട് ക്ഷമിച്ചു. ഞാൻ എന്നോട് പറഞ്ഞു. “ഇങ്ങനെയാണ് എന്റെ ദൈവം എന്നോട് ക്ഷമിക്കുന്നതും.”

സ്വപ്നത്തിൽ എന്റെ പിതാവ് ചിരിച്ച് കണ്ടപ്പോൾ, രക്ഷയുടെ സന്തോഷം ഞാൻ ആദ്യമായി അനുഭവിക്കുകയായിരുന്നു. എന്റെ ഹൃദയഭാരം മാറി ഞാൻ ക്ഷമിക്കപ്പെട്ടിരിക്കുന്നു. ഞാൻ ഉണർന്നപ്പോൾ ദൈവത്തിനു നന്ദി പറഞ്ഞു. യേശു എന്നോട് ക്ഷമിച്ചു. അവന്റെ സ്നേഹം ഞാൻ അനുഭവിക്കുന്നു.

ആ സ്വപ്നം, സ്നാനപ്പെടുന്നതിനുള്ള അവസാന തടസവും നീക്കി. ദൈവം എന്നോട് ക്ഷമിച്ചു എന്ന് സഭയിലെ വിശ്വാസികളുടെ സ്നേഹത്തിലൂടെ ഞാൻ മനസ്സിലാക്കി. 1 യോഹന്നാൻ 4:12 “നാം അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു. അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു.”

ചിക്കാഗോയിൽനിന്നും എന്റെ അർദ്ധ സഹോദരങ്ങൾ എന്റെ സ്നാനം ആഘോഷമാക്കാൻ പറന്നുവന്നു. എന്റെ തീരുമാനത്തിൽ അവർ തികഞ്ഞ ആത്മവിശ്വാസം പ്രകടിപ്പിച്ചു.

ഇപ്പോൾ 24 വയസ്സുള്ള ഞാൻ ടോക്കിയോയിലെ ഒരു സ്വകാര്യസ്ഥാപനത്തിൽ ജോലി ചെയ്യുന്നു. ഞാൻ കംപ്യൂട്ടർ അനിമേഷൻ ഉപേക്ഷിച്ചു. കാരണം അതു വെറും വിനോദത്തിനു മാത്രമാണ് ഉപയോഗിക്കുന്നത്. വീഡിയോ കളികൾ നിർമ്മിക്കുന്നതിൽ എനിക്ക് താത്പര്യം ഇല്ല. ഞാൻ ഇപ്പോൾ കുട്ടികളുടെ കലാവൈകല്യങ്ങൾ പരിഹരിക്കുന്ന ഒരു ജോലി ചെയ്യുന്നു. 2011 ലെ ഭൂകമ്പം അനേക കുട്ടികളിൽ മാനസികവിഭ്രാന്തി ഉണ്ടാക്കി. ഇതുപോലുള്ള കുട്ടികളുടെ മാനസിക ഉന്നമനത്തിനായി ഞാൻ പ്രവർത്തിക്കുന്നു.

എന്റെ അമ്മ യേശുവിനെ സ്വീകരിക്കുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. ടോക്കിയോയിലെ കുഞ്ഞുങ്ങൾക്കായി പ്രാർത്ഥിക്കുന്നു. ജപ്പാനിലെ സെറ്റാഗ്യാ ചർച്ചിൽ എന്നെപോലുള്ളവർക്ക് സുവിശേഷവേല ചെയ്യുന്നതിനുള്ള പരിശീലനം നല്കുന്നു. പതിമൂന്നാം വാരകാണിക്കയുടെ ഒരു ഭാഗം യുവജന സുവിശേഷീകരണത്തിന് വിനിയോഗിക്കും.

◈ ◈ ◈